താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

3 [555] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) താലൂക്ക് ഓഫീസുകളിൽ സമർപ്പിക്കുന്ന ഓരോ അപേക്ഷയിലും തീരുമാനം എടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനും നിശ്ചയിച്ചിരിക്കുന്ന സമയ പരിധി എത്രയാണെന്നും നിശ്ചയിച്ചിരിക്കുന്ന സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തുനടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതൊക്കെ താലൂക്ക് ഓഫീസുകളിൽ ടെലിഫോൺ, വൈദ്യുതി, കുടിവെള്ളം എന്നിവ വിച്ഛേദിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കൊല്ലം താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ വിച്ഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രവർത്തനക്ഷമമാക്കാൻ എന്തുനടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താലൂക്ക് ഒഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കും പൊതുജനങ്ങൾക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിലേക്കുമായി എല്ലാ താലൂക്കുകളിലും അന്വേഷണ കൗണ്ടർ സ്ഥാപിക്കുകയും താലൂക്ക് ഓഫീസുകളിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ മുഴുവനും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിന് പരാതി സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ എല്ലാ മാസവും പൊതുജന സമ്പർക്ക പരിപാടി നടത്തിവരുന്നു. താലൂക്ക് സഭകൾ കൃത്യമായി നടത്തുന്നു. ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ഫയൽ വർക്ക്ഷോപ്പുകൾ നടത്തിവരുന്നു. വിവിധ ആവശ്യങ്ങളുമായെത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കുന്നതിനായി പ്രത്യേക സജ്ജീകരണങ്ങൾ, കുടിവെള്ളം ഇവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) താലൂക്ക് ഓഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്കും സേവനങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള സമയ പരിധി ചുവടെ ചേർക്കുന്നു:

	സേവനം		അപേക്ഷ ലഭിച്ച് സേവനം നൽകിയിരിക്കേണ്ട കാലയളവ്
1.	ജാതി/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ	..	3 ദിവസത്തിനകം
2.	സോൾവൻസി/വാലുവേഷൻ സർട്ടിഫിക്കറ്റുകൾ	..	7 ദിവസത്തിനകം
3.	അനന്തരാവകാശ സർട്ടിഫിക്കറ്റ്	..	15 ദിവസത്തിനകം വിജ്ഞാപനം അയയ്ക്കണം
4.	സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള സേവനങ്ങൾ (മെഷർമെന്റ്/ഡിമാർക്കേഷൻ)	..	20 ദിവസത്തിനകം
5.	പോക്കുവരവ്	..	10 ദിവസത്തിനകം

സമയപരിധി പാലിക്കുന്നുണ്ടെന്ന് തഹസിൽദാർമാർ ഉറപ്പുവരുത്തുന്നുണ്ട്. ഓരോ മാസവും താലൂക്ക് ഓഫീസുകളിൽ ലഭിച്ച സർട്ടിഫിക്കറ്റുകളുടെ വിവരങ്ങളും അത് വിതരണം ചെയ്ത വിവരവും ജില്ലാ കളക്ടർമാർ പരിശോധിക്കുന്നുണ്ട്. ഇതിനുപുറമെ 22-6-2002-ലെ സർക്കാർ കത്ത് നമ്പർ 26864 റ്റി2/02/ആർഡി പ്രകാരം സർട്ടിഫിക്കറ്റ് നൽകുന്നതിൽ പരാതി ലഭിക്കുന്നപക്ഷം പരിശോധിക്കുന്നതിനായി നോഡൽ ഓഫീസറായി അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ.)-യെ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം.— ആവശ്യമായ ഫണ്ട് ലഭ്യമാക്കാതിരുന്ന സാഹചര്യങ്ങളിൽ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്.

കൊല്ലം.—കൊട്ടാരക്കര താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ. നാലു മാസവും , കൊല്ലം താലൂക്ക് ഓഫീസിലേത് 2003 ഒക്ടോബർ മാസം മുതലും വിച്ഛേദിച്ചിട്ടുണ്ട്. കുന്നത്തൂർ താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ ഒരു പ്രാവശ്യവും വൈദ്യുതി ഒരു തവണയും വിച്ഛേദിച്ചിരുന്നു. കരുനാഗപ്പള്ളി, പത്തനാപുരം താലൂക്ക് ഓഫീസുകളിലെ ടെലിഫോൺ, വൈദ്യുതി കണക്ഷനുകൾ ഒരു തവണ വിച്ഛേദിച്ചിട്ടുള്ളതും തുടർന്നുവിനാ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ.—ചേർത്തല, ആലപ്പുഴ എന്നീ താലൂക്ക് ഓഫീസുകളിലെ ടെലിഫോൺ ബന്ധം വിച്ഛേദിച്ചിരുന്നു. കാർത്തികപ്പള്ളി താലൂക്ക് ഓഫീസിലെ വൈദ്യുതി ബന്ധം വിച്ഛേദിച്ചു.

കോട്ടയം.—ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട.—റാന്നി, കോഴഞ്ചേരി, മല്ലപ്പള്ളി എന്നീ താലൂക്ക് ഓഫീസുകളിൽ വൈദ്യുതിയും കോഴഞ്ചേരി, അടൂർ എന്നീ താലൂക്ക് ഓഫീസുകളിൽ ടെലിഫോണും വിച്ഛേദിച്ചിരിക്കുന്നു.

എറണാകുളം.—ജില്ലയിലെ പല താലൂക്കുകളിലേയും ടെലിഫോൺ, വൈദ്യുതി കണക്ഷനുകൾ ആവശ്യമായ അലോട്ട്മെന്റ് ഇല്ലാത്തതിനാൽ വിച്ഛേദിക്കുകയും പിന്നീട് ഫണ്ട് അലോട്ട്മെന്റ് വരുന്നമുറയ്ക്ക് പുനഃസ്ഥാപിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ്.

ഇടുക്കി.—ജില്ലയിൽ പീരുമേട് താലൂക്ക് ഓഫീസിൽ 3 തവണ ടെലിഫോൺ കണക്ഷനും രണ്ടു തവണ വൈദ്യുതി കണക്ഷനും വിച്ഛേദിച്ചിട്ടുണ്ട്. ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ ടെലിഫോൺ കണക്ഷൻ 4 തവണ വിച്ഛേദിച്ചിട്ടുണ്ട്.

തൃശ്ശൂർ.—ഇല്ല.

പാലക്കാട്.—ചിറ്റൂർ താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ വിച്ഛേദിച്ചിരുന്നു. ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

മലപ്പുറം.—നിലമ്പൂർ, പെരിന്തൽമണ്ണ എന്നീ താലൂക്ക് ഓഫീസുകളിലെ ടെലിഫോൺ കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്ക് ഓഫീസിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരുന്നെങ്കിലും ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്ക് ഓഫീസ് ഒഴികെ മറ്റെല്ലാ താലൂക്ക് ഓഫീസുകളിലും കുടിവെള്ളം ലഭ്യമാണ്.

കോഴിക്കോട്.—ഇല്ല.

വയനാട്.—ഇല്ല.

കണ്ണൂർ.—തലശ്ശേരി താലൂക്ക് ഓഫീസിൽ വൈദ്യുതി കണക്ഷനും ടെലിഫോൺ കണക്ഷനും 2 പ്രാവശ്യം വിച്ഛേദിച്ചിട്ടുണ്ട്.

കാസർഗോഡ്.—ഇല്ല.

(ഡി) ഫണ്ട് ലഭ്യമല്ലാത്തതിനാൽ കൊല്ലം താലൂക്ക് ഓഫീസിലെ ടെലിഫോൺ കണക്ഷൻ 2003 ഒക്ടോബർ മുതൽ വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക ഒടുക്കി ടെലിഫോൺ ബന്ധം പുനഃസ്ഥാപിക്കുന്നതിന് ഏകദേശം 10,000 രൂപ കൂടി ആവശ്യമാണ്. 75,000 രൂപ റവന്യൂ കമ്മീഷണറേറ്റിൽനിന്ന് ഈ കാര്യത്തിനായി കൊല്ലം ജില്ലയ്ക്ക് 20-1-2004-ന് അനുവദിച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly